
ഡോ; കെ. ഭാസ്കരൻ നായർ

# ബെർട്രൻഡ് റസ്സൽ*

ഏതു് അർത്ഥത്തിൽ നോക്കിയാലും ധന്യവും ജാജ്ജ്വല്യമാനവുമായ ഒരു ജീവിതം അവസാനിച്ചിരിക്കുന്നു. ഇന്നലെ (3-2-1970), തൻെറ 98-ാമത്തെ വയസ്സിൽ ബെർട്രൻഡ് റസ്സൽ അന്തരിച്ചു. അദ്ദേഹത്തിൻെറ ലോകപ്രസിദ്ധങ്ങളായ കൃതികളിലൂടെ മഹാനായ ഈ ചിന്തകനെ അടുത്തറിയുകയും അത്യത്ഭുതകരമായ ആ പ്രതിഭാവിലാസത്തെ കഴിഞ്ഞ നാല്പതുവർഷമായി അനുസ്യൂതം ആദരിക്കുകയും ചെയ്യുന്ന ഒരു ആരാധകൻെറ കൃതജ്ഞത നിറഞ്ഞ ശ്രദ്ധാഞ്ജലിയാണിതു്. അദ്ദേഹം എഴുതിയ ഒരു ഖണ്ഡിക ഉദ്ധരിച്ചുകൊണ്ടുതന്നെ ആരംഭിക്കട്ടെ.

'ഓരോ മനുഷ്യൻെറയും ജീവിതം ഒരു നദിപോലെയാണു്. ആദ്യം ചെറുതായി കൂലങ്ങൾക്കുള്ളിൽ ഒതുങ്ങിയും പിന്നെ പാറക്കെട്ടുകളുടേയും ജലപാതങ്ങളുടേയും മീതെക്കൂടി ഉദ്വേഗത്തോടെ കുതിച്ചുമറിഞ്ഞും, അതു മുന്നോട്ടൊഴുകുന്നു. ക്രമേണ അതിനു പരപ്പുകൂടുന്നു; തീരങ്ങൾ അകലുന്നു; വെള്ളം പതിഞ്ഞൊഴുകുന്നു. ഒടുവിൽ വ്യക്തമായിക്കാണാവുന്ന ഒരു അതിർത്തിരേഖയില്ലാതെ അതു് മഹാസമുദ്രത്തിൽ ലയിക്കുന്നു. അതോടെ വേദനയില്ലാതെ, അതിൻെറ വ്യക്തിഗതമായ അ



Digitized by Kerala Sahitya Akademi

സ്ഥിതവും ഇല്ലാതാകുന്നു. വാർദ്ധക്യത്തിൽ തന്റെ ജീവിതത്തെ ഈ രൂപത്തിൽ വീക്ഷിക്കുവാൻ കഴിയുന്ന മനുഷ്യനു് മൃതിഭയംമൂലമുള്ളദുഃഖമില്ല. എന്തെന്നാൽ, താൻ ശ്രേഷ്ഠമായികരുതിയകാര്യങ്ങൾ തുടർന്നുപോകുമെന്നു് അയാൾക്കു നിശ്ചയം വരുന്നു. ശരീരശക്തി ക്ഷയിക്കുകയും ക്ഷീണം വർദ്ധിക്കുകയും ചെയ്യുമ്പോൾ വിശ്രമത്തെക്കുറിച്ചുള്ള ചിന്തയും സ്വാഗതാർഹമാകുന്നു. ജോലിയിൽ മുഴുകിയിരിക്കുന്നഅവസരത്തിൽ മരിക്കണമെന്നാണെന്റെ ആഗ്രഹം—എനിക്കു് തുടർന്നുചെയ്യുവാൻ കഴിവില്ലാത്ത യത്നം മററുള്ളവർ ചെയ്യുമെന്നുള്ള പൂർണ്ണബോധ്യത്തോടെ സാദ്ധ്യമായിരുന്നതെല്ലാം ചെയ്തുതീർത്തു എന്ന സംതൃപ്തിയോടെ'.

ഈ ചാരിതാർത്ഥ്യത്തോടും പ്രത്യാശയോടുംകൂടിയാണു് ബെർട്രൻഡു് റസ്സലിന്റെ ദീർഘവും ദീപ്തിമത്തുമായ ജീവിതം അവസാനിച്ചതെന്നു് ഞാൻ കരുതുന്നു. തന്റെ അന്ത്യകാലത്തു് അദ്ദേഹം വളരെയധികം പ്രതിഷേധിക്കുകയും, തീ ചിതറുന്ന ധർമ്മരോഷം പ്രകടിപ്പിക്കുകയും ലോകനേതാക്കളെന്നു് പറയുന്ന ഹ്രസ്വദൃഷ്ടികളായ ചെറിയ മനുഷ്യരുടെ മനഃസാക്ഷിയെ പിടിച്ചുകുലുക്കി സ്വൈരംകെടുത്തി അവരെ ശല്യപ്പെടുത്തുകയും ചെയ്തെങ്കിലും, മനുഷ്യരാശിക്കു മാർഗ്ഗദീപമായി, ജഗദ്ഗുരുവായി, ഋഷിതുല്യനായി ലോകസംഗ്രഹംചെയ്ത ഒരു ജ്ഞാനയോഗിയുടെ ചിത്രമാണു് ഇന്നു് അദ്ദേഹത്തെപ്പററി നമ്മുടെ മനസ്സിൽ അവശേഷിക്കുന്നതു്.

തെളിയുന്നു മനോ നഭസ്സെനി—
ക്കൊളി വീശുന്നിതു ബുദ്ധി മേല്ക്കുമേൽ
വെളിവായ് വിലസുന്നു സിന്ധുവിൽ—
ക്കളിയായ്ച്ചെന്നണയുന്നൊരിന്നദി.

എന്നു മഹാകവി കുമാരനാശാൻ ചിന്താവിഷ്ടയായ സീതയെക്കൊണ്ടു് അവസാനം പറയിക്കുന്ന വാക്കുകളാണു് മേലുദ്ധരിച്ച റസ്സലിന്റെ പ്രസ്താവന നമ്മെ അനുസ്മരിപ്പിക്കുന്നതു്. അദ്ദേഹം ഗണിതശാസ്ത്രജ്ഞനും ചിന്തകനും മാത്രമല്ല ആദ്ധ്യാത്മികാനുഭൂതികളെ വിലമതിച്ച കവിയും ആയിരുന്നു എന്നു പറയാതെ തരമില്ല.

ഇംഗ്ലണ്ടിലെ പ്രസിദ്ധമായ ഒരു പ്രഭുകുടുംബത്തിൽ ജനിച്ച റസ്സൽ വിക്ടോറിയൻ യുഗത്തിന്റെ വസന്തോത്സവത്തിലാണു് ബാല്യകാലം കഴിച്ചതെങ്കിലും അന്നു് നിലവിലിരുന്ന ആദർശങ്ങളും മൂല്യബോധങ്ങളും ആഗിരണം ചെയ്യാതെ അന്തർമ്മുഖനായി ജ്ഞാനോപാസകനായിട്ടാണു് വളർന്നതു്. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ഭരണാധികാരികളും ഭാഗ്യവിധാതാക്കളുമായി ഊർജ്ജസ്വലമായ പൊതുകാര്യജീവിതം നയിക്കുക എന്നതായിരുന്നു കുടുംബപാരമ്പര്യമനുസരിച്ചു് എല്ലാവരും അദ്ദേഹത്തിൽ നിന്നു പ്രതീക്ഷിച്ചതു്. പക്ഷെ അതിൽ അദ്ദേഹത്തിനു് താൽപര്യം തോന്നിയില്ല. അച്ഛനമ്മമാർ നേരത്തെ മരിച്ചുപോയതുകൊണ്ടും, കുടുംബത്തിൽ ഇളമുറക്കാരനായതുകൊണ്ടും ആണു് ഇങ്ങനെ സംഭവിച്ചതെന്നു് വ്യാഖ്യാനിക്കാവുന്നതാണു്. പില്ക്കാലത്തു് അദ്ദേഹത്തിനുണ്ടായ നേട്ടങ്ങൾ ആലോചിക്കുമ്പോൾ, അതൊന്നുമല്ല, ജന്മസിദ്ധമായ പ്രതിഭാവിശേഷമാണു് യുവാവായ റസ്സലിനെ ജ്ഞാനത്തിന്റെ നിത്യഭാസ്വരസാമ്രാജ്യത്തിലെ നേതൃത്വവും യശസ്സും നേടുവാനുള്ള മഹോദ്യമങ്ങൾക്കു പ്രേരിപ്പിച്ചതെന്നു് കാണാവുന്നതാണു്.

## ഗവേഷണതപസ്യ

കേംബ്രിഡ്ജ് സർവ്വകലാശാലയിൽ നിന്നു് ഗണിതശാസ്ത്രത്തിൽ സീനിയർ റാംഗ്ളർ എന്ന ബഹുമതിയോടെ ബിരുദം നേടിയശേഷം ആ വിഷയത്തിൽ അടിസ്ഥാനപരമായ ഗവേഷണത്തിൽ മുഴുകുകയാണു് അദ്ദേഹം ചെയ്തതു്. ഇതിന്റെ ആദ്യഫലമാണു് 1903-ൽ, മുപ്പത്തിമൂന്നാമത്തെ വയസ്സിൽ; പ്രസിദ്ധപ്പെടുത്തിയ 'പ്രിൻസിപ്പിൾസ് ഓഫ് മാത്തമാററിക്സ്' എന്ന ഗ്രന്ഥം. ഇതേത്തുടർന്നു് അന്നത്തെ മഹാഗണിതജ്ഞന്മാരിൽ പ്രമാണിയും, കേംബ്രിഡ്ജിൽ തന്റെ അദ്ധ്യാപകനുമായിരുന്ന വൈററ്ഹെഡ്ഡ് എന്ന ശാസ്ത്രജ്ഞനുമായി സഹകരിച്ചു് അതിഗംഭീരമായ ഒരു ഗവേഷണയത്നത്തിൽ റസ്സൽ ഏർപ്പെട്ടു. അന്നു ചെയ്ത കഠിനമായ അദ്ധ്വാനത്തെപ്പററി അദ്ദേഹം തന്നെ അത്ഭുതത്തോടെ എഴുതിയിട്ടുണ്ടു്. ഗണിതശാസ്ത്രഗവേഷണം മനഃക്ലേശത്തിന്റെ പരമകാഷ്ഠയാണു്. തന്റെ ആദ്യഗ്രന്ഥത്തിൽ ദിങ്മാത്രദർശനം ചെയ്തിരുന്ന വിഷയങ്ങളെപ്പററി അതിവിപുലവും അത്യന്തം ഗഹനവുമായ നിരീക്ഷണങ്ങൾ ഉൾക്കൊള്ളിച്ചു് അദ്ദേഹവും വൈററ്ഹെഡ്ഡും കൂടി 'പ്രിൻസിപ്പിയാ മാത്തമാററിക്ക' എന്ന ബൃഹദ്ഗ്രന്ഥം 1910-ൽ എഴുതിത്തീർത്തു. അതിന്റെ കൈയ്യെഴുത്തുപ്രതി ഒരു കൈവണ്ടിയിൽ കയററിയാണു് കേംബ്രിഡ്ജ് യൂണിവേഴ്സിററി പ്രസ്സിൽ എത്തിച്ചതു്. അതു കഴിഞ്ഞപ്പോൾ 'വിജ്ഞാനത്തോടു' വിടവാങ്ങിയാൽ എന്തെന്നുപോലും അദ്ദേഹം ആലോചിച്ചുവത്രെ. ഈ മഹാഗ്രന്ഥമാണു് ശാസ്ത്രത്തിനു് റസ്സൽ നല്കി

Digitized by Kerala Sahitya Akademi

യ ഏററവും വലിയ സംഭാവന. തൽഫലമായി ശാസ്ത്രലോകത്തിലെ അസൂയാവഹമായ പല ബഹുമതികളും അദ്ദേഹത്തിനു കൈവന്നു.

ഇരുപതാം നൂററാണ്ടിൻെറ ആരംഭകാലത്തു് താൻ പുലർത്തിയിരുന്ന ആദർശാത്മകമായ മനോഭാവത്തെപ്പററി റസ്സൽ പില്ക്കാലത്തു് വിസ്തരിച്ചെഴുതിയിട്ടുണ്ടു്. ഗണിതവിദ്യയിലൂടെ ലബ്ധമാകുന്ന ജ്ഞാനം, ധ്യാനികൾക്കു് അദ്ധ്യാത്മസാക്ഷാൽക്കാരം പോലെ, അദ്ദേഹത്തെ അങ്ങേയററം സംതൃപ്തനാക്കി. അതു് നിരുപാധികവും കേവലസ്വരൂപവും ആനന്ദമയവും സുന്ദരവുമായി അദ്ദേഹത്തിനു തോന്നി. ഇന്ദ്രിയ ഗോചരമായ ലോകവുമായിബന്ധപ്പെടുമ്പോൾ അതു് അശുദ്ധവും കളങ്കിതവുമായിത്തീരുന്നു എന്നും അദ്ദേഹം കരുതി. ആ ലോകത്തെ മനസ്സിലാക്കുന്നതിനും സമർത്ഥമായി കൈകാര്യം ചെയ്യുന്നതിനും അതു് ഉപകരിക്കും; എന്നല്ല, അത്യാവശ്യവുമാണു്. പക്ഷെ, താണപടിയിലുള്ള പ്രസ്തുത ലോകത്തോടു് അതിനു് ഒരു മായാ ബന്ധമേയുള്ളു. ഗ്രീക്കു ചിന്തകനായ പിത്താഗൊറസ്സിൻെറ സങ്കല്പം ഇതായിരുന്നു എന്നു പറയുന്നു. ഗണിതശാസ്ത്രത്തിൽ അധിഷ്ഠിതമായിരുന്ന ഒരു തരം യോഗവിദ്യ ആയിരുന്നുവത്രെ അദ്ദേഹവും ശിഷ്യഗണങ്ങളുംപുലർത്തിയിരുന്നതു്. ഈ സങ്കല്പത്തിൻെറ സ്വാധീനം പ്ലേറേറായുടെ ചിന്തയിൽ ആദ്യന്തം കാണ്മാനുണ്ടെന്നും പറയുന്നു.

## സാധന

അതുപോലെ ഒരു ചിന്താഗതിയുടെ ആകർഷണത്തിനു വിധേയനായി താൻ ഗണിതവിദ്യയുടെ പ്രായോഗികഭാവങ്ങളിൽ നിന്നു് കൂടുതൽ കൂടുതൽ പിൻവലിഞ്ഞു്, ആദ്യം അതിൻെറ കേവലസത്തയിലേക്കും, അവിടെ നിന്നു് യുക്തിയിയിലേക്കും നീങ്ങിപ്പോയി എന്നു് റസ്സൽ പ്രസ്താവിക്കുന്നു. ഭൗതിക വിഷയങ്ങളിൽ നിന്നു് ഇന്ദ്രിയങ്ങളെ പ്രത്യാഹരിച്ചു് മനസ്സിനെ അന്തർമുഖമാക്കി കേവലജ്ഞാനത്തിൽ ചെന്നെത്തുവാൻ ശ്രമിക്കുന്ന സന്യാസിമാരുടെ സാധനയോടു് അദ്ദേഹം ഈ പ്രക്രിയയെ ഉപമിച്ചിട്ടുണ്ടു്. 'ഞാൻ ഇന്ദ്രിയവിഷയമായ ഭൗതികലോകത്തെ വെറുക്കുകയും മാററവും ക്ഷയവും ഇല്ലാത്ത ഒരു കാലാതീത മണ്ഡലത്തിൽ അഭയം തേടുകയും ചെയ്തു.' എന്നാണു് അദ്ദേഹം എഴുതിയിരിക്കുന്നതു്.

ഗവേഷണം നല്കിയ ആനന്ദം പില്ക്കാലത്തും അനുസ്മരിക്കാൻ കഴിഞ്ഞെങ്കിലും അതു് വെറും അസംബന്ധമാണെന്ന നിഗമനത്തിലാണു് റസ്സൽ ഒടുവിൽ ചെന്നെത്തിയതു്. ഇതിൽ കുറെയൊക്കെ പിന്നീടു നടത്തിയ തത്ത്വജ്ഞാനഗവേഷണങ്ങളുടെ ഫലമായി, അതായതു് സാങ്കേതിക കാരണങ്ങളാൽ, സംഭവിച്ചതാണെങ്കിലും ലോകത്തോടുള്ള തൻെറ മനോഭാവത്തിൽ പൊതുവേയുണ്ടായ മാററവും അതിനു കാരണമായിട്ടുണ്ടെന്നു് അദ്ദേഹം പറയുന്നു. ഏതായാലും ഗണിതജ്ഞാനം അമാനുഷമോ അലൗകികമോ ആണെന്നു്, അദ്ദേഹത്തിനു് തോന്നാതായി. "ഗണിതവിദ്യയിലുള്ളതു പുനരുക്തിയാണെന്നു് മനസ്സില്ലാമനസ്സോടെ ആണെങ്കിലും, വിശ്വസിക്കാൻ ഞാൻ സന്നദ്ധനായി, (നേരത്തെ അറിവുള്ള കാര്യം മറുവിധത്തിൽ പറയുന്നതാണു് തത്ത്വജ്ഞാനത്തിലെ പുനരുക്തി) അങ്ങേയററത്തെ കഴിവുനേടിയ ഒരു ബുദ്ധിശാലിക്കു് ഗണിത വിദ്യ മുഴുവനും അന്തസ്സാരശൂന്യമായബാലിശത്വമായി തോന്നുമെന്നു് ഞാൻ ശങ്കിക്കുന്നു— നാല്ക്കാലിയായ മൃഗം മൃഗമാണെന്നു പറയുന്നതുപോലെയുള്ളബാലിശത്വം. ഗണിതജ്ഞാനത്തിൻെറ കാലാതീത സ്വഭാവത്തിനു് ഉള്ളതായി മുമ്പു് എനിക്കു് തോന്നിയിരുന്ന ഉദാത്തസൗന്ദര്യം അയഥാർത്ഥമാണെന്നും, ഗണിതജ്ഞന്മാർ കാലം എന്ന ഘടകത്തെ ഉൾപ്പെടുത്തിക്കൊണ്ടല്ല സംസാരിക്കുന്നതു് എന്ന വസ്തുതയിൽ നിന്നാണു് അങ്ങനെ ഒരു തോന്നൽ ഉണ്ടാകുന്നതെന്നും ഞാൻ കരുതുന്നു. ഗണിതസത്യത്തെക്കുറിച്ചുള്ള നിദിദ്ധ്യാസത്തിൽ നിന്നു് ആദ്ധ്യാത്മികമായ സംതൃപ്തിയൊന്നും എനിക്കു് ഇപ്പോൾ അനുഭവിക്കാൻ കഴിയുന്നില്ല". എന്നു് 1959–ൽ അദ്ദേഹം എഴുതുകയുണ്ടായി.

1914–ൽ തുടങ്ങിയ ആദ്യത്തെ ലോകമഹായുദ്ധമാണു് റസ്സലിൻെറ ജീവിതത്തിൽ വലിയ ഒരു പരിവർത്തനമുണ്ടാക്കിയതു്. കേവലജ്ഞാനത്തിൻെറ അലൗകിക മേഖലകളിൽ സ്ഥിരമായി താമസിക്കുവാൻ സാധ്യമല്ലെന്നു അദ്ദേഹം കണ്ടു. സേനാനായകന്മാരുടെ ബുദ്ധിശൂന്യതയുടെ ഫലമായി ഫ്റാൻസിലെ രണാങ്കണങ്ങളിൽ വധിക്കപ്പെടുന്നതിനുവേണ്ടി യുവജനങ്ങളെ ഇംഗ്ലണ്ടിൽനിന്നു് പട്ടാളത്തീവണ്ടികളിൽ കയററിക്കൊണ്ടു പോകുന്നതു അദ്ദേഹം കൂടെക്കൂടെ കാണുകയുണ്ടായി. ആ യുവാക്കന്മാരെപ്പററി ചിന്തിച്ചു് അദ്ദേഹം എന്തെന്നില്ലാതെ ദുഃഖിക്കുകയും, 'വേദനയുടെ വിചിത്രമായ വിവാഹബന്ധ'ത്തിലൂടെ ദൈനംദിനലോകവുമായി ഒന്നു ചേരുകയും ചെയ്തു. റസ്സൽ യുദ്ധത്തെ അങ്ങേയററം വെറുത്തു. അതിനെതിരായി ലേഖനങ്ങൾ എഴുതിയും പ്രസംഗങ്ങൾ ചെയ്തും പ്രചാര

Digitized by Kerala Sahitya Akademi

ണവും നടത്തി. യുദ്ധകാലത്ത് ജനസഞ്ചയത്തെ ബാധിക്കുന്ന ഭയാനകമായ മനോവിഭ്രമത്തിൽ, മനസ്സാക്ഷിയെ മുൻനിർത്തി അദ്ദേഹം അനുവർത്തിച്ച ഈ നടപടികൾ ആംഗ്ലേയരാഷ്ട്രത്തെ രോഷാകുലമാക്കി. അദ്ദേഹത്തിന് പിഴയും തടവുശിക്ഷയും അനുഭവിക്കേണ്ടിവന്നു. പിഴ ഒടുക്കാൻ വിസമ്മതിച്ചതിന് അദ്ദേഹത്തിന്റെ ഗ്രന്ഥസഞ്ചയം ജപ്തിചെയ്ത ലേലത്തിൽ വിററു.

ജയിലിൽ വെച്ചാണ് റസ്സൽ തത്ത്വജ്ഞാനപരമായ തന്റെ ആദ്യത്തെ ഗ്രന്ഥം എഴുതിയത്. 1920 ൽ പീക്കിംഗ് സർവ്വകലാശാലയിൽ ഒരു പ്രസംഗപരമ്പര നടത്തുന്നതിനായി അദ്ദേഹം ചൈനയിലേക്കുപോയി. റസ്സൽ പൗരസ്ത്യജനങ്ങളെ സ്നേഹിക്കുവാൻ പഠിച്ചത് അക്കാലത്താണ്. ചിന്താശീലവും, വിജ്ഞാനതൃഷ്ണയും, ക്രാന്തദർശിത്വവും തങ്ങൾക്കു മാത്രമുള്ള സദ്ഗുണങ്ങളാണെന്ന് മററുചില പാശ്ചാത്യപണ്ഡിതന്മാരെപ്പോലെ അദ്ദേഹം വിശ്വസിച്ചില്ല. ഭാരതീയരുടെ സ്വാതന്ത്ര്യസമരത്തിന് ശക്തിമത്തായ പിൻതുണ നല്കി, അതിനു അനുകൂലമായ പൊതുജനാഭിപ്രായം സംഘടിപ്പിക്കുന്നതിന് അദ്ദേഹം ആത്മാർത്ഥമായി ശ്രമിച്ചു. എന്ന വസ്തുത നാം കൃതജ്ഞതയോടെ സ്മരിക്കേണ്ടതാണ്. ചൈനയിൽനിന്ന് മടങ്ങിവന്നശേഷം അദ്ദേഹം ചെൽസി എന്ന സ്ഥലത്ത് ഒരു ശിശുവിദ്യാലയം സ്ഥാപിക്കുകയും 1932 വരെ അത് നല്ലനിലയിൽ നടത്തുകയും ചെയ്തു. ഇക്കാലത്താണ സാമാന്യജനങ്ങളുടെ ബോധനത്തിനായി റിലേററിവിററി (ആപേക്ഷികത്വം), ആററത്തിന്റെ ഘടന, വിവാഹവും സദാചാരവും എന്നു തുടങ്ങിയ ശാസ്ത്രവിഷയങ്ങളെപ്പററി ലോകപ്രസിദ്ധമായിത്തീർന്ന എത്രയോ ഗ്രന്ഥങ്ങൾ അദ്ദേഹം എഴുതിയത്.

1938 മുതൽ 1943 വരെ അദ്ദേഹം അമേരിക്കൻ ഐക്യനാടുകളിൽ ആയിരുന്നു. ആധുനിക കാലത്തെ ഏററവുംമികച്ച ചിന്തകനെന്ന യശസ്സ് ഇതിനകംതന്നെ അദ്ദേഹം നേടുകയുണ്ടായി. തത്വചിന്തയുടെ വളർച്ചയേയും, ആധുനികകാലത്ത്താനാംപ്പെടെയുള്ള ഗവേഷകന്മാരുടെ യത്നത്തിന്റെ ഫലമായി അതിന് കൈവന്ന നേട്ടങ്ങളേയും കുറിച്ചു അനേകം അമേരിക്കൻ സർവ്വകലാശാലകളിൽ അദ്ദേഹം പ്രസംഗങ്ങൾ നടത്തി. രണ്ടാംലോകമഹായുദ്ധം നടക്കുന്ന കാലമായിരുന്നു അത്. തൻമൂലം അവിടേയും റസ്സലിന് വിഷമം അനുഭവിക്കേണ്ടിവന്നു. സദാചാരത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ വെറും ശാസ്ത്രസങ്കല്പങ്ങളാണെന്നും അവ നാട്ടുനടപ്പിനു വിരുദ്ധമാണെന്നും, അക്കാരണത്താൽ അമേരിക്കയിൽ തത്വജ്ഞാനം പഠിപ്പിക്കുവാനുള്ള അനുവാദം നിഷേധിക്കണമെന്നും വാദിച്ചുകൊണ്ടു അദ്ദേഹത്തിനെതിരെ ഒരു കേസ്സുണ്ടായി. വലിയ വിദ്യാഭ്യാസമോ വിവരമോ ഇല്ലാത്ത ഒരു സ്ത്രീയാണ് കേസ്സു കൊടുത്തത്. പക്ഷേ, അതിന്റെ കലാശം റസ്സലിനു പ്രതികൂലമായിരുന്നു. അതുകൊണ്ടു അദ്ദേഹത്തിന് അമേരിക്ക വിടേണ്ടിവന്നു, ആ യുദ്ധകാലത്ത് ഇംഗ്ലണ്ടിൽ മടങ്ങിച്ചെന്നാൽ ജീവസന്ധാരണത്തിനുതകുന്ന എന്തെങ്കിലും ജോലികിട്ടുമോ എന്ന് അന്വേഷിച്ചുകൊണ്ടു സ്നേഹിതന്മാർക്ക് അദ്ദേഹം ഉൽക്കണ്ഠാപൂർവ്വം എഴുതിയ കത്തുകൾ പ്രസിദ്ധമായിട്ടുണ്ട്. ഈ കത്തുകളും കൂടി ഉൾപ്പെട്ട അദ്ദേഹത്തിന്റെ സ്വകാര്യരേഖകളും കൈയെഴുത്തു പ്രതികളും ഗ്രന്ഥശേഖരവും എല്ലാം റസ്സലിന്റെ മരണത്തിനുമുമ്പുതന്നെ ഒരു അമേരിക്കൻ സർവ്വകലാശാല 50 ലക്ഷം ഡോളർ വിലകൊടുത്ത് വാങ്ങുകയുണ്ടായി. കോടതി കയററി അവമാനിച്ചു നിഷ്കാസനംചെയ്ത ആ മഹാചിന്തകന്റെ മനോവേദനയ്ക്ക് അമേരിക്ക നൽകിയ മുന്നേമുക്കാൽ കോടി രൂപയുടെ ഈ പ്രായശ്ചിത്തത്തിൽ ഒരു കാവ്യനീതിയുടെ അനുഭവരസം കാണാവുന്നതാണ്.

## തത്വജ്ഞാനം

'വാക്യാർത്ഥത്തേയും സത്യത്തേയും കുറിച്ചുള്ള ഒരു നിരീക്ഷണം' (1940), 'പാശ്ചാത്യ തത്വജ്ഞാനത്തിന്റെ ചരിത്രം' (1946), 'മനുഷ്യവിജ്ഞാനം' (1948) എന്നിവയാണ് റസ്സലിന്റെ തത്വജ്ഞാനപരമായ പ്രൗഢകൃതികൾ. അമേരിക്കയിൽ അദ്ധ്യാപനം നടത്തിയ കാലത്താണ് ഇവ രൂപം പൂണ്ടത്. ഇവയിൽ ഒന്നാമത്തേയും മൂന്നാമത്തേയും കൃതികൾ അദ്ദേഹത്തിന്റെ പ്രതിഭയിൽനിന്നുളവായ തത്വശാസ്ത്രസംഭാവനകളെ ക്രോഡീകരിക്കുന്നു. ഗണിതവിദ്യയിൽ അവഗാഹം സിദ്ധിച്ചവർക്കുമാത്രമെ അവ പൂർണ്ണമായി മനസ്സിലാവുകയുള്ളു. യുക്തിയെ ശുദ്ധീകരിക്കുന്നതിനും, തത്വദർശനത്തിനുള്ള ഉപകരണമെന്ന നിലയിൽ അതിനെ കൂടുതൽ സമർത്ഥവും ശക്തിമത്തും ആക്കിത്തീർക്കുന്നതിനുമാണ് ഒരു ഗവേഷകനും പണ്ഡിതനുമെന്ന നിലയിൽ അദ്ദേഹം തുടരെ ശ്രമിച്ചിട്ടുള്ളത്. യുക്തി അതിന്റെ ശുദ്ധവും സൂക്ഷ്മവുമായ രൂപത്തിൽ ഗണിതവിദ്യയിൽ നിന്ന് അഭിന്നമാണെന്ന് അദ്ദേഹം കരുതുന്നു. അദ്ധ്യാത്മമൂല്യങ്ങൾ, സന്മാർഗ്ഗബോധങ്ങൾ,

Digitized by Kerala Sahitya Akademi

സാമൂഹികാദർശങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങൾ തത്ത്വചിന്തയുടെ പരിധിയിൽ ഉൾപ്പെടുന്നില്ലെന്നും ഉൾപ്പെടുത്തരുതെന്നും അദ്ദേഹം വാദിക്കുന്നു. 'പ്ലേറേറാ മുതൽ വില്യം ജെയിംസ്‌വരെയുള്ള തത്ത്വജ്ഞാനികൾ പ്രപഞ്ചത്തിന്റെ ഘടനയേയും സംവിധാനത്തേയുംപററിയുള്ള തങ്ങളുടെ അഭിപ്രായങ്ങളെ സാന്മാർഗ്ഗികമായ സ്വന്തം ആഗ്രഹങ്ങൾക്കു വശഗമാക്കുവാൻ യത്നിച്ചിട്ടുണ്ടു'. എന്നാണു് അദ്ദേഹം പറയുന്നതു്: ഈ ദോഷത്തെ ഒഴിവാക്കുവാൻ ശ്രമിച്ചുകൊണ്ടു് റസ്സലും അനുയായികളും വളർത്തിയെടുത്ത പുതിയ തത്ത്വമീമാംസക്കു അപഗ്രഥനദർശനം എന്ന പേർ പറയുന്നു. വളരെക്കാലത്തേയ്ക്കു് അതിന്റെ സർവ്വാദൃതനായ നേതാവും പ്രധാനപ്രവർത്തകനും അദ്ദേഹമായിരുന്നു. ഗണിതവിദ്യയുടെയും രാകി കൂർപ്പിച്ച യുക്തിയുടേയും സങ്കേതജടിലമായ അപഗ്രഥനപ്രയോഗംമൂലം സാധാരണക്കാർക്കു ദുർഗ്രഹമാണെങ്കിലും ഈ ദർശനപദ്ധതി വിജ്ഞാനമണ്ഡലത്തിൽ ആധുനികയുഗത്തിലുണ്ടായ ഏററവും വലിയ നേട്ടമായി കരുതപ്പെടുന്നു.

സാമാന്യവായനക്കാരന്റെ ദൃഷ്ടിയിൽ ഒരുപക്ഷേ, റസ്സലിന്റെ ഏററവും പ്രസിദ്ധകൃതിയായി നിലനില്ക്കുവാൻ പോകുന്നതു് 'പാശ്ചാത്യതത്ത്വജ്ഞാനത്തിന്റെചരിത്രം' എന്ന ഗ്രന്ഥമാണു്. ഗ്രീക്കുസംസ്കാരത്തിന്റെ ഉദയം മുതൽ യുക്തിപൂർവ്വമായ അപഗ്രഥനത്തിൽ അധിഷ്ഠിതമായ പുതിയദർശനം വരെ നീണ്ടുകിടക്കുന്ന പാശ്ചാത്യമനുഷ്യന്റെ 2600 കൊല്ലത്തെ തത്ത്വാന്വേഷണചരിത്രമാണു ബുദ്ധിവൈഭവത്തിന്റെ രത്നപ്രഭകൾവീശുന്ന ഭാഷയിൽ അതിൽ സംഗ്രഹിച്ചിരിക്കുന്നതു്. തെയിത്സിന്റേയും, സോക്രട്ടീസിന്റേയും, പിത്താഗൊറസ്സിന്റെയും, പ്ലേറേറായുടേയും, അരിസ്റ്റോട്ടിലിന്റേയും, പ്ലോട്ടിനസ്സിന്റേയും, അക്വിനാസിന്റേയും, മക്കിയവെല്ലിയുടേയും, ഡേക്കാർട്ടിന്റേയും, സ്പിനോസയുടേയും, ന്യൂട്ടന്റേയും, കാന്തിന്റേയും, ഹേഗലിന്റേയും മുമ്പിൽ ഏറെക്കുറെ സമജോടിയെന്നപ്പോലെ സമശീർഷനായും നിന്നുകൊണ്ടാണു് അദ്ദേഹം എഴുതുന്നതു്. 900 പേജുള്ള ഈ വലിയ ഗ്രന്ഥം ഉപസംഹരിക്കുന്നതു് ഇങ്ങനെയാണു്:—

'അന്യോന്യം കലഹിക്കുന്ന അഭിപ്രായഭ്രാന്തുകളുടെ ഉന്തിനും തള്ളിനുമിടക്കു എത്രയോ വിരളമായിമാത്രം കാണാവുന്ന ഏകീകരണശക്തികളിൽ ഒന്നു് ശാസ്ത്രീയമായ സത്യസന്ധതയാകുന്നു. വ്യക്തിഗതങ്ങളും പ്രാദേശികങ്ങളും വികാരപരങ്ങളുമായ വിരോധങ്ങളിൽനിന്നു് മനുഷ്യസാധ്യമായിടത്തോളം മുക്തമാക്കപ്പെട്ട നിരീക്ഷണങ്ങളുടേയും നിഗമനങ്ങളുടേയും അടിസ്ഥാനത്തിൽ നമ്മുടെവിശ്വാസങ്ങളെരൂപവൽക്കരിക്കുന്ന ശീലമാണു് ഇതുകൊണ്ടു ഞാൻ വിവക്ഷിക്കുന്നതു്. തത്ത്വചിന്തയിൽ ഈ സദ്ഗുണം കൈവരുത്തണമെന്നു് നിർബ്ബന്ധിക്കുകയും അതിനെ സഫലമാക്കുവാൻ സഹായിക്കുന്ന ശക്തിമത്തായ ഒരു പ്രയോഗമാർഗ്ഗം കണ്ടുപിടിക്കുകയും ചെയ്തതാണു്. ഞാൻ അംഗമായിരിക്കുന്ന ദർശകസംഘത്തിന്റെ പ്രധാനമായ മേന്മ. ഈ ദർശനസമ്പ്രദായം പരിശീലിക്കുന്നതുമൂലം സിദ്ധമാകുന്ന സൂക്ഷ്മമായ സത്യവാദശീലം മനുഷ്യന്റെ പ്രവർത്തനമണ്ഡലത്തിൽ മുഴവനും വ്യാപിപ്പിക്കാവുന്നതാകുന്നു. അങ്ങനെ ചെയ്താൽ അഭിപ്രായഭ്രാന്തുകളെ ലഘൂകരിക്കാനും സഹാനുഭൂതിയും പരസ്പരധാരണയും വദ്ധിപ്പിക്കാനും സാധിക്കുന്നതാണു് തത്ത്വചിന്ത വാശിയോടെ പുലർത്തിപ്പോരുന്ന നാട്യങ്ങളിൽ ഒരംശത്തെ ഇങ്ങനെ കൈവെടിയുന്നതുകൊണ്ടു് അതു് ശ്രേഷ്ഠമായ ഒരു ജീവിതരീതിക്കു മാർഗ്ഗദർശനവും പ്രചോദനവും നല്കാതിരിക്കുന്നില്ല'.

## നോബൽ സമ്മാനം

1950–ൽ റസ്സലിനു് സാഹിത്യത്തിലുള്ള നോബൽസമ്മാനം നല്കപ്പെട്ടു. ഇതിന്റെ ഫലമായിട്ടാണെന്നു തോന്നുന്നു, അധികം താമസിയാതെ അദ്ദേഹം രണ്ടു ചെറുകഥാസമാഹാരങ്ങൾ പ്രസിദ്ധപ്പെടുത്തി. Satan in the suburbs, Nightmares of Eminent persons) രണ്ടും വളരെ മനോഹരമാണെന്നു പറയുന്നു. എനിക്കു കാണുവാൻ സാധിച്ചിട്ടില്ല. അങ്ങനെ ഗണിതജ്ഞനും തത്ത്വജ്ഞാനിയുമായ ബെർട്രൻഡ് റസ്സൽ തന്റെ 78–ാമത്തെ വയസ്സിൽ കഥാകൃത്തുമായി!

പക്ഷേ, ശ്രദ്ധേയമായ ആ ജീവിതത്തിലെ ഏററവും വലിയ അത്ഭുതം 80–ാം വയസ്സിനു ശേഷമാണു് ഉണ്ടായതു്. അതുവരെ ചിന്തകനും ജ്ഞാനോപാസകനുമായിരുന്ന റസ്സൽ തന്റെ വാദ്ധക്യത്തിൽ ഒരു കർമ്മയോഗിയായി രൂപാന്തരപ്പെട്ടു. ചിന്തയുടെ ദന്തഗോപുരത്തിൽനിന്നു് പുറത്തുവന്നു് മനുഷ്യരാശിയെ അഭിമുഖീകരിക്കുന്ന അതിപ്രധാനമായ പല പൊതുപ്രശ്നങ്ങൾക്കും സമാധാനം കൈവരുത്തുന്നതിനുവേണ്ടി പ്രായോഗികപരിപാടികൾ സംഘടിപ്പിക്കുന്നതിൽ അദ്ദേഹം മുൻകൈയെടുത്തു്. അണുയുദ്ധത്തിനു് എതിരായും ആററംബോംബുകൾ പൊട്ടിച്ചുനോക്കുന്ന പരീക്ഷ

Digitized by Kerala Sahitya Akademi

ണങ്ങൾ അവസാനിപ്പിക്കുന്നതിനുവേണ്ടിയും അമേരിക്കയിലെ നീഗ്രോ വിവേചനം ഇല്ലാതാക്കുന്നതിനും, ഒടുവിൽ വിയറ്റ്നാമിൽനിന്ന് അമേരിക്കൻ സൈന്യം പിന്മാറണമെന്ന് നിർബ്ബന്ധിച്ചുകൊണ്ടും, നടത്തിയ എത്രയോ പ്രകടനങ്ങളിൽ കൃശഗാത്രനായ ഈ വൃദ്ധൻ നേതൃത്വം നല്കി. ഗാന്ധിജിയുടെ മാതൃകയിലുള്ള ഈ സഹനസമരങ്ങളിൽ അദ്ദേഹത്തെ പലപ്രാവശ്യം അറസ്റ്റുചെയ്യുകയും ഒരിക്കൽ ജയിലിൽ പാർപ്പിക്കുകയും ചെയ്തു. ബ്രിട്ടണിലെ രാഷ്ട്രീയനേതാക്കന്മാർക്കു മാത്രമല്ല സ്റ്റാലിനും, ക്രൂഷ്ചേവിനും, ട്രൂമാനും, ഐസൻഹോവർക്കും, കെന്നഡിക്കും, ജോൺസണും, മാവോസേതുങ്ങിനും, ഡീഗാളിനും എല്ലാം അദ്ദേഹം ശക്തിയേറിയഭാഷയിൽ തുടരെ കത്തുകളെഴുതി. അവരുടെ നടപടികളെ നിശിതമായി വിമർശിക്കുന്ന പ്രസ്താവനകൾ പ്രസിദ്ധപ്പെടുത്തി. അദ്ദേഹത്തിന്റെ സ്വരം മനുഷ്യവർഗ്ഗത്തിന്റെ മനഃസാക്ഷിയുടെ ശബ്ദമായി. അതു സമസ്തലോകവും ശ്രദ്ധിച്ചു. ശീതസമരത്തിന്റേയും ആററംസ്ഫോടനങ്ങളുടേയും വർഗ്ഗകലഹങ്ങളുടേയും ഇടിമുഴക്കത്തിനിടക്ക് സദ്ബുദ്ധിക്കും, സഹിഷ്ണുതയ്ക്കും, ശാന്തിക്കും വേണ്ടി ഭൂചക്രവാളത്തിൽ ധ്വനിക്കുകയും പ്രതിധ്വനിക്കുകയും ചെയ്ത ഒരേ ഒരു ആഹ്വാനം അതുമാത്രമായിരുന്നു. അദ്ദേഹം സ്ഥാപിച്ച സംഘടനകൾ ഇന്നും നിലവിലുണ്ട്. അവയുടെ പ്രതിഷേധ പരിപാടികൾ മുടങ്ങാതെ നടക്കുകയും ചെയ്യുന്നു. റസ്സൽ തുടങ്ങിവെച്ച ഈ പ്രത്യക്ഷസമരപരിപാടികളാണ് ഇന്ന് ലോകമാകെ നടക്കുന്ന വിദ്യാർത്ഥിസമരങ്ങൾക്കും യുവജനപ്രക്ഷോഭണങ്ങൾക്കും പ്രചോദനം നല്കിയതെന്നു പറയുന്നവരുണ്ട്. മൈക്കലാഞ്ജലോ, ടിഷ്യൻ എന്നീ അനശ്വരയശസ്വികളായ ചിത്രകാരന്മാരും മഹാകവിയും ചിന്തകനുമായ ഗോയഥേയും, വാർദ്ധക്യകാലത്തും പ്രതിഭാപ്രകൃഷ്ടമായ സൃഷ്ടിപരപ്രവർത്തനം നടത്തിയിട്ടുണ്ടെങ്കിലും, റസ്സലിനെപ്പോലെ തൊണ്ണൂറുകഴിഞ്ഞ പ്രായത്തിലും ലോകസംഗ്രഹയത്നത്തിൽ ഇത്ര ഊർജ്ജസ്വലമായി വ്യാപരിക്കുകയും, ശക്തിമത്തായ എതിർപ്പുകളുണ്ടായിട്ടും മനുഷ്യരാശിയുടെ ആപൽബന്ധുവായി ലോകത്തിന്റെ അകമഴിഞ്ഞ സ്നേഹാദരങ്ങൾ നേടുകയും ചെയ്ത വ്യക്തികൾ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ധർമ്മപുത്രരുടേയും അർജ്ജുനന്റേയും മററു കാര്യത്തിൽമാത്രമേ ഇങ്ങനെ പ്രായത്തേയും കാലത്തേയും വെല്ലുവിളിച്ചുകൊണ്ട് അധർമ്മത്തിനെതിരെ സമരംചെയ്ത പുരാണകഥകളെങ്കിലും കേട്ടിട്ടുള്ളു.

റസ്സലിന്റെ 97-ാം ജന്മദിനത്തിൽ പ്രസിദ്ധപ്പെടുത്തിയ ആത്മകഥയുടെ മൂന്നാംഭാഗം നിരൂപണം ചെയ്ത ഒരു ലേഖകൻ രസകരമായ ഒരു ഉപമ ചൂണ്ടിക്കാണിക്കുകയുണ്ടായി. കഥാപുരുഷൻ മഹാകവിയായ ഷെല്ലിയുടെ വലിയ ആരാധകനായിരുന്നുവത്രേ. പ്രസ്തുതഗ്രന്ഥം ആരംഭിക്കുന്നതും അവസാനിക്കുന്നതും ഷെല്ലിയുടെ കവിത ഉദ്ധരിച്ചുകൊണ്ടാണ്. വെയിത്സിൽ തന്റെ അവസാനത്തെ വാസസ്ഥലം തിരഞ്ഞെടുത്ത സന്ദർഭത്തിൽ തെക്കോട്ടു നോക്കിയാൽ സമുദ്രവും വടക്ക് സ്നോഡൺ കൊടുമുടിയും കാണാവുന്ന ആ കുന്നിൻപുറത്തിന്റെ പ്രകൃതിസൗന്ദര്യം മാത്രമല്ല, തന്നെ വശീകരിച്ചതെന്ന് റസ്സൽ പറയുകയുണ്ടായി. അവിടെനിന്നാൽ താഴ്വരയുടെ മറുകരയിൽ ടെമഡോക്ക് എന്ന സ്ഥലത്ത് ഷെല്ലി താമസിച്ച വീടും കാണാമെന്നുള്ളത് അദ്ദേഹത്തെ അത്യധികം ആനന്ദിപ്പിച്ചു. റസ്സലിന്റെ ആദർശപുരുഷനായ ഷെല്ലി ജീവിതത്തിന്റെ ആദ്യദശയിൽ അനീതിക്കെതിരെ രാജിയില്ലാതെ സമരംചെയ്ത ഒരു പോരാളിയും, പില്ക്കാലത്ത് കാവ്യദേവതയെ ഏകാഗ്രമായി ഉപാസിച്ച അന്തർമുഖനും ആയിരുന്നു എന്ന വസ്തുത പ്രസിദ്ധമാണല്ലൊ. 'ഭൂമിയിലെ അനീതിയുടെ കോട്ടവാതിലുകൾ വെട്ടിപ്പൊളിക്കുവാൻ' ഗ്രീസിലും ഇററലിയിലും നടത്തിയ നിരന്തരസമരങ്ങൾക്കുശേഷം അദ്ദേഹം തന്റെ പടവാൾ പരിത്യജിച്ച് പൊൻതൂലികയെടുത്തതു് ടെമഡോക്കിൽവെച്ചാണ്. ആ പുണ്യഭൂമിയിൽതന്നെയാണ് ബെർട്രൻഡ് റസ്സൽ നൂററിയൻപതു് വർഷങ്ങൾക്കുശേഷം എണ്പതാംവയസ്സിൽ തന്റെ ധർമ്മസമരം ആരംഭിച്ചതു്! തല തിരിഞ്ഞാണെങ്കിലും ബിംബപ്രതിബിംബഭാവത്തിൽ കാണപ്പെടുന്ന ഈ രണ്ടു മഹാപ്രതിഭന്മാരുടെ ചിത്രം ആത്മാർത്ഥമായ ആരാധനയുടേയും അത്യഗാധമായ സ്നേഹത്തിന്റേയും പരിവേഷം അണിഞ്ഞു നെടുനാൾ നിലനിന്ന് ലോകത്തെ കോൾമയിർക്കൊള്ളിക്കുമെന്നതിൽ തർക്കമില്ല. റസ്സലിന്റെ യശഃകായത്തിന് എന്റെ ആദരാഞ്ജലികൾ.

* ഇതിന്റെ സംഗ്രഹം 4. 2. 1970-ൽ ആകാശവാണി തിരുവനന്തപുരം നിലയത്തിൽനിന്ന് പ്രക്ഷേപണം ചെയ്യുകയുണ്ടായി.

Digitized by Kerala Sahitya Akademi